
# എഴുതിയ വരികളെല്ലാം

എം. പി. പ്രതീഷ്



എഴുതിയ വരികളെല്ലാം

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 എഴുതിയ വരികളെല്ലാം . . . 4

2 പിറുപിറുപ്പ് . . . . . . . . . . . . . 5

3 ചതുപ്പ് . . . . . . . . . . . . . . . . . 6

4 നിദ്ര . . . . . . . . . . . . . . . . . . 7

5 കല . . . . . . . . . . . . . . . . . . . 8

6 നൃത്തം . . . . . . . . . . . . . . . . . 9

7 നാൾ . . . . . . . . . . . . . . . . . . 10

8 ഇവിടെ . . . . . . . . . . . . . . . . 11

9 സ്ഥാനം . . . . . . . . . . . . . . . 16

10 തോട്ട് . . . . . . . . . . . . . . . . . 17

11 മുറ്റത്ത് . . . . . . . . . . . . . . . . 18

12 തണുപ്പ് . . . . . . . . . . . . . . . . 19

13 അടിയിൽ . . . . . . . . . . . . . . 20

14 ആണി . . . . . . . . . . . . . . . . 21

15 നട്ടുച്ചയിൽ . . . . . . . . . . . . . 22

16 മരച്ചില്ലകൾ . . . . . . . . . . . . 23

മണ്ണും വെള്ളവും (2015–2017) . . 24

17 താഴെ . . . . . . . . . . . . . . . . . 25

18 ഇടയിൽ . . . . . . . . . . . . . . . 26

19 മൂർച്ച . . . . . . . . . . . . . . . . . . 27

20 ഉച്ച . . . . . . . . . . . . . . . . . . . 28

# 1

## എഴുതിയ വരികളെല്ലാം

മാനത്തിൻ നിറം മായുമ്പോ,
ലെളുപ്പത്തിൽ മൂടുന്നു, മലഞ്ചെരിവിനെ
യിരുട്ട്
മാനത്തു പൊത്തിൽപ്പാർക്കും
കിളികൾ ചിറകു മടക്കുമ്പോ,
ലനായാസം മയങ്ങുന്നു
താഴ്‌വരയിരുളിലൂ-
ടൊരാൾ നടന്നു
മലകേറി
യപ്പുറം പോകുന്ന
കാല്പാടുകളി
ലിലകൾ
വീണു മായ്ക്കുന്നു
എഴുതിയ വരികളെല്ലാം

## 2

# പിറുപിറുപ്പ്

പൊടിയും പുകയും മൂടിയ
വീടിന്റെ അരികിൽ
ഒരു ചെറിയ മരം വളരുന്നു
അതിനു താഴത്ത് ആളുകൾ ഇരുന്നു
അതിരാവിലത്തെ വെയിൽ
അവർ കൊണ്ടു
തീരെച്ചെറുതായപൂക്കളോ മണമോ വീണു
വീടിനുപിന്നിൽ
ഒരു തുണിമറയ്ക്കു പിന്നിൽ
മരബഞ്ചിൽ കിടക്കുന്ന
അയാളുടെ അടഞ്ഞ കണ്ണിലും
മുടിയിലും മുതുകിലും
നഖങ്ങളിലും
തണുത്ത വെള്ളം പാറുന്നതിന്റെ ശബ്ദത്തിൽ,
വീടിന്റെ ഏറ്റെയേറ്റെയരികിൽ
ആ മരം പിറുപിറുക്കുന്നതു കേട്ടു

# 3
# ചതുപ്പ്

ബോട്ടിനു താഴത്ത് ചുവപ്പു പടർന്നുകൊണ്ടിരുന്നു. ആ പടർപ്പിന്റെ കട്ടി ഏറിക്കൊണ്ടിരുന്നു. കുറ്റിയിൽക്കിടന്നു ബോട്ട് ഇളകുകയും വെള്ള മുയരുകയും ചെയ്തു. മഴയിൽ തടിപ്പലകകൾ കുതിർന്നു. തോക്കിന്റെ ഇരട്ടക്കുഴൽ താഴേ ക്കാക്കി ഞാൻ തിരികെ നടന്നു. ബൂട്ടിന്റെ അടയാളം ചേറിലും പുല്ലിലും പതിഞ്ഞു. വല കൈയിൽ വളർത്തുനായിന്റെ തുടൽച്ചങ്ങല മുറുക്കെപ്പിടിച്ചു. അതിന്റെ നാവും കൂർത്ത പല്ലു കളും കിതച്ചു കൊണ്ടിരുന്നു. പിന്നിൽ ബോ ട്ടിന്റെ അഴികൾക്കിടയിൽ അവളുടെ കുപ്പായ ങ്ങൾ ചുരുണ്ടു കിടക്കുന്നതു ഞാനോർമ്മിച്ചു. ബോട്ടിന്റെ താഴെ, വെള്ളത്തിനു താഴെ, മീനു കൾക്കും നീർച്ചെടികൾക്കും താഴെ, അടിത്ത ട്ടിൽ അവൾ കല്ലിച്ചു കിടക്കുന്നതും ഓർത്തു. അവളുടെ നെഞ്ചിലെ മുറിവായയ്ക്കു ചുറ്റിനും മീ നുകൾ വട്ടമിട്ടുനിന്നു.

# 4

## നിദ്ര

ഉച്ചയാവുന്നതു വരെ
മേശക്കടിയിൽ ഉറങ്ങി
എഴുന്നേറ്റ് ഉടലു വളച്ച് നിവർത്തി,
ജനാലപ്പടിയിലേക്ക് വലിഞ്ഞുകയറി
കർട്ടൻ നീക്കിവെച്ചു,
വളർത്തു പൂച്ച

ഇരുട്ടിൽ കാണുന്നേയില്ല സൂര്യനെ
ചില്ലിൽ തണുത്ത മിന്നാമിനുങ്ങുകൾ
അപ്പോഴും ഉറക്കത്തിൽ

# 5

## കല

ശരീരത്തിൽനിന്ന് മുറിഞ്ഞുപോയ ഒരു കര
അതിന്റെ അടയാളമായിരുന്നു
ചന്ദ്രന്റെ കല
നാൾ ചെല്ലുന്തോറും
അതുകൂടി കാണാതെയാവുന്നു

തീരെ ഇല്ലാത്ത ഒരു ചന്ദ്രനാണ്
ഇന്നത്തെ ആകാശത്ത് പതുക്കെ നീങ്ങുന്നത്
വെളിച്ചം വറ്റിയ ഗ്രഹങ്ങളിലും
നക്ഷത്രങ്ങളിലും അത്
ചെന്ന് മുട്ടുന്നത് കേൾക്കൂ,
എന്നെപ്പോലെ
ഉറക്കം മുറിഞ്ഞ്
ഈ ഉമ്മറപ്പടിയിൽ വന്നിരിക്കൂ

# 6

## നൃത്തം

തേനീച്ചകൾ
പ്രാചീനമായ അതേ
ആകൃതിയിൽ
വീടിനു ചുറ്റും നൃത്തം വെച്ചു

ഉള്ളിൽ, മുറികൾക്കുള്ളിൽ
തേനറകൾക്കുള്ളിൽ
റാണിയുടെ ഉടലായി
ഞാനുറങ്ങുന്നു
എന്റെ സ്വപ്നത്തിന്റെ മൂളൽ
ഓരോ വീട്ടിലും ചെന്നെത്തുന്നു
അതേ ആകൃതിയിൽ
നൃത്തം വെക്കുന്നു

## 7

# നാൾ

പാക്കറ്റിനു പുറത്ത്
റൊട്ടിയുടെ
ആയുസ്സ് രേഖപ്പെടുത്തിയിരിക്കുന്നു
മനുഷ്യരുടേയും പുഴുക്കളുടേയും
ഇലകളുടേയും
വാക്കുകളുടേയും പുറത്തെഴുതിയ
അതേ ലിപികളിൽ
സൂക്ഷിച്ചു നോക്കിയാൽ മാത്രം
കാണുന്ന വിധം
ചെറുത്
അവ്യക്തം

ദിവസം തീരാനായി മരണം
പ്രാർത്ഥിക്കുന്നതു കേൾക്കാം
പുറത്ത്
ജീവനുള്ളതിന്റെയെല്ലാം പുറത്ത്

## 8

# ഇവിടെ

ഒരു വീട്ടിലെ മുഴുവൻ ഇരുട്ടും
ഇവിടെ വന്നുകിടന്നു
തുടകൾക്കിടയിൽ നിഗൂഢമായ തുരുത്തിൽ

2

യോനി പിളർന്നുവരുന്ന ശിരസ്സുപോലെ
ചെറിയ വെള്ളാരങ്കല്ല് തെളിഞ്ഞു
കാനൽ വീണുവീണ് മണ്ണെല്ലാം
നീങ്ങിപ്പോയി

3

തൊലി നീങ്ങിയ ലിംഗാഗ്രത്തിൽ
ഭൂമിയിലെ ഉറവെല്ലാം വന്നുനിന്നു

4

രണ്ടറ്റവും നഗ്നമായിരുന്നു
നടുവിൽ ഇഴപിന്നിയ ഒരു ശീല
വലിച്ചുപിടിച്ചിരുന്നു

5

പുഴുക്കളുടെ കാതിൽ ഞാനഴുകുന്നതിന്റെ
മുരൾച്ച നിറഞ്ഞു

## 9

# സ്ഥാനം

ചുറ്റിനടപ്പായി
ഓരോ മുറിയിലുമോരോമുറിയിലും
തൊട്ടു നോക്കി
കണ്ടതൊക്കെയും മണത്തുനോക്കി
എടുത്തുനോക്കി തുത്തുവെച്ചു
ഇടം മാറ്റി വെച്ചു
ഈ മുറിയിലിപ്പോൾ
ഈ മരത്തട്ട്
മരത്തട്ടിന്റെ അറ
അറ വലിച്ചുതുറന്നു
തുറന്നു വന്നത് ചെപ്പ്
ചെപ്പു തുറന്നു പുക വന്നില്ല
ഇരുള് വന്നില്ല
ഒരു കുട്ടിത്തല
മിഴിഞ്ഞു് കണ്ണുകൾ
കഴുത്തിൽ ചോരക്കറ
ഇളതാമൊരു ചൂട്ട്
ശ്വാസമിടിപ്പ്

ഞാനാ മുറിക്കുള്ളിലങ്ങനെ കുടിയുറച്ചു

## 10

# തോട്ട്

എന്റെ മുടിയിഴ പോലെ ചുറ്റിവളഞ്ഞുനീണ്ട
ഒരു തോട്ട്.
ഈ വീടിന്റെ ചുറ്റിലും, പാടത്തിന്റെ ചുറ്റിലും,
മീനുകൾ, തവളകൾ,
ഞണ്ടുകൾ, കൈതകൾ,
മാളങ്ങൾ, ചരൽക്കല്ലുകൾ,
പുല്ലുകൾ, മുള്ളുകൾ.
നടുവിൽ ഒന്നുമുടുക്കാതെ മലർന്നു
കിടന്നു ഞാൻ.

പതിനാലോ പതിനഞ്ചോ വയസ്സിൽ.
നട്ടുച്ചയിരുണ്ട് വന്നു.
പാതിരപോലെ മൂടി.
അടിവയറ്റിൽ ഒളിച്ചുനിന്ന സൂര്യൻ.
പറത്തം മതിയാക്കിത്താഴെ വന്ന കിളികൾ.
എല്ലാ പൂക്കളുടേയും മണം.
എല്ലാ പുഴക്കളുടെയും എഴച്ചിൽ.
എല്ലാ മുള്ളുകളുടെയും മുന.

തുടയ്ക്കിടയിൽ വന്നുനിറഞ്ഞു.
ഞാൻ ആകാശത്തിന്റെ ഈ
ദിക്കിൽ വന്നുനിന്ന്
താഴേയ്ക്ക് നോക്കി
താഴെ എന്റെ തുടയിടുക്കിൽനിന്ന്
ഒഴുകുന്ന ചുവന്ന തോട്ട് കണ്ടു.

# 11

## മുറ്റത്ത്

വലിയ മീനിനെ മുറിച്ച് മുറ്റത്തിട്ടു
കാവല് നിന്നു
കിളിയെ ആട്ടി കോഴിയെ ആട്ടി
വെയിലിൽ തീയത്ത് പൊള്ളി നിന്നു

നിന്ന് നിന്ന് നേരമിരുട്ടി
രാവു മുഴുവൻ നിന്നു
കുമനെയാട്ടി
നരികളെയാട്ടി
പൂച്ചകളെയാട്ടി

മീനുണങ്ങി
കണ്ണുപൂട്ടാതെ ഉണങ്ങി
മുറിവുണങ്ങി
ആരും ഊതിക്കെടുത്താതെ
ചോര വറ്റി
മുറിപ്പാടു മാത്രമായി
മുറ്റത്ത് ആഴത്തിൽ

## 12

# തണുപ്പ്

ഈ മുല നിനക്ക്
ഈ മുല നിനക്ക്
മൈനയോട്ട് കാക്കയോട്ട്

കുടിച്ച ശേഷം
പറന്നുപോയി രണ്ടും

മുലക്കണ്ണിൽ തണുപ്പ്
പറന്നുപോകാപ്പക്ഷിത്തണുപ്പ്

## 13

# അടിയിൽ

മണ്ണിനടിയിലും മണ്ണ്
അതിന്നടിയിൽ കിഴങ്ങ്
കിഴങ്ങിൽ തൂമ്പ തട്ടി
മണം വന്നു
മാന്തിയെടുത്തു പുറത്തിട്ടു
തൊട്ടുനോക്കി
അത്രയും കാലത്തിനു ശേഷമാണ്
അത്രയും ദൂരത്തിലാണ്
മക്കളും മക്കളുടെ മക്കളും
മരിച്ചുപോയ ശേഷമാണ്
കരയും കാലവും ഇടിഞ്ഞുപൊയ്ക്കഴിഞ്ഞാണ്
എന്നിട്ടുമൊരു മാറ്റവുമില്ലാതെ
അഴുകാതെയെന്റെ തൊലി
അഴുകാതെയെന്റെ മാംസം

## 14

# ആണി

പാമ്പുകൾ പാർക്കുന്ന ചെരിവിലൂടെ
കാടിന്റെ കറുത്ത വക്കിലൂടെ
വെറകും തേടി നടന്നുപോയി
ഇരുട്ടായി മഴവെള്ളംവന്നു

നടപ്പെല്ലാം വഴുതി
വഴി കാണാതായി
കൊടുങ്കാട്ടിലെത്തി

മുടി ചീകിക്കൊണ്ടിരുന്നൊരു രാക്ഷസി
മരത്തിൽ ആണിയടിച്ചു വെച്ച എന്റെ നെഞ്ച്
ചോരയൊഴുകിക്കൊണ്ടിരുന്നു
നേരം വെളുക്കാറായപ്പോൾ
രാക്ഷസി ഉറക്കമായി

ഉറക്കത്തിൽ എഴുന്നേറ്റ്
അമ്മയെക്കാണാഞ്ഞ്
എന്റെ കുട്ടി
ഇരുട്ടുവഴിയെല്ലാം തപ്പിത്തടഞ്ഞ്
വന്നു
നെഞ്ചിൽ നിന്ന് ആണിയൂരിയെടുത്തു
ചോരയിലൂതി

# 15

## നട്ടുച്ചയിൽ

അത് വെള്ളത്തിൽ
കുളത്തിന്റെ അനങ്ങാപ്പരപ്പിൽ
പൊങ്ങിക്കിടന്നു
രണ്ടു വലിയ കണ്ണുകളും താഴേയ്ക്ക് തുറന്ന്
അടിത്തട്ടിലേക്കുറ്റുനോക്കി

നട്ടുച്ചയിൽ
നെറുക പൊള്ളുന്ന തീയിൽ
ആൾപ്പെരുമാറ്റമില്ലാത്തിടത്ത്
മരണം കഴിഞ്ഞ്
കമിഴ്ന്ന്

ആ മൂങ്ങയുടെ ഉടലിൽ
കഴിഞ്ഞ രാത്രിയുടെ മഞ്ഞ്, മരങ്ങൾ.
കഴിഞ്ഞതിനു മുൻപത്തെ രാത്രികളുടെയും
മഞ്ഞ്, മരങ്ങൾ.

കുളത്തിന്റെ അടിത്തട്ടിൽ
എല്ലാം
അടിയുന്നു.
ഉറയുന്നു.

# 16

## മരച്ചില്ലകൾ

മൂങ്ങ പറന്നുപോയ്ക്കഴിഞ്ഞും
മരച്ചില്ലകൾ
മൂളുന്നതുകേട്ടു
മരച്ചില്ലകൾ പൂതലിച്ചു തകർന്നു കഴിഞ്ഞും
മൂങ്ങ, കൊമ്പിൽ മുറുക്കിപ്പിടിച്ചിരുന്നതു് കണ്ടു

ആ മരത്തിനു ചുറ്റും
നടന്നുനടന്നു ഞാൻ ഓരോ രാത്രിയും
മുഴുമിച്ചു

മൂളലുകൾ
കാറ്റത്തു് പൊഴിയുന്നതോ
പറക്കുന്നതോ പോലെ
എപ്പോഴുമെപ്പോഴും.

# മണ്ണും വെള്ളവും (2015–2017)

## 17

# താഴെ

ഇപ്പോഴുള്ള വീടിനുതാഴെ
ഉണ്ടായിരുന്നതൊരു ചെരിവ്
അതിന്നടിയിൽ
അനേകായിരം കൊല്ലം മുന്നേ
ചത്തടിഞ്ഞ മൃഗങ്ങളുടേയും മനുഷ്യരുടേയും
ഉടലുകൾ
അതിനും താഴെ
ഇരുമ്പയിരും
ലാവയും
ഉറവും

അതിന്നും താഴെ ഞാനുറങ്ങുന്ന വരമ്പ്

ആ വരമ്പിലൂടൊരു പാമ്പിഴഞ്ഞുപോയി
വീട്ടുമുറ്റത്തിന്നടിയിൽ
നിലപ്പനകൾവന്നു തിക്കിമുളയ്ക്കുന്നു

# 18

## ഇടയിൽ

ആ നാടിനും
ഈനാടിനും

ഇടയിലെത്തോട്ടുവെള്ളം
മീതേമുറിച്ചിട്ട പന

ഒരു കുറ്റിച്ചൂട്ട്
ഒരു വളർത്തുനായ

പടിഞ്ഞാട്ടുപായുന്ന ഇരുളിൽ
വെള്ളം
പേരുചൊല്ലിവിളിച്ച

രാവിലെ
രണ്ടുകരകൾക്കുമിടയിൽ
തൂക്കിയിട്ട
അയാളുടെ നടുവെല്ല്

# 19

## മൂർച്ച

പനയുടെ ഒരലക് ചീകി
മൂർച്ച വരുത്തുന്ന മനുഷ്യൻ
വീടിനും വയലിനും മീതെ
ഇരുട്ടുവന്നുമൂടുന്നതും കാത്തിരിക്കുന്നു

നൂലറ്റങ്ങൾ വലിച്ച് ഞാത്തിക്കെട്ടി
തോളത്തിട്ടു
കത്തിത്തല അരയിൽത്തിരുകി
കുന്നിൻപള്ളയിലൂടെ
ഉലഞ്ഞും ചാഞ്ഞും പാഞ്ഞും പതുങ്ങിയും
ചെരിവുകളിലിറങ്ങുന്നു

മുയൽശ്വാസങ്ങളെ
മെരുകിൻ മണത്തെ
കാട്ടുപന്നിപ്പുളച്ചിലിനെയെല്ലാം
പിന്തുടരുന്നു

വയറ്റിലൂടെത്തുളഞ്ഞപ്പുറം ഒരമ്പ്
ചുമലിൽത്തൂങ്ങി മുറ്റത്തേയ്ക്ക്
കേറുന്നൊരു പ്രാണൻ

ചോരയിറ്റിയവഴി-
യാകെ മഞ്ഞിൻ-
നനപ്പുശീല, യുടലുകീറുന്ന
പിടച്ചിൽ

ആളുന്ന തീയ്
ഓടിപ്പോവുന്ന വാവലും ഇഴജീവിയും
പച്ചെറച്ചി പനങ്കള്ള് പാതിരപ്പുള്ള്
പടിയിൽച്ചെരിഞ്ഞുകിടന്നു
കിതപ്പാറുന്നൊരാൾ

## 20


# ഉച്ച

ചേരയിഴയുന്ന ഒച്ചയിൽ
ഉറക്കമുണർന്നു

നട്ടുച്ചയിലൂടെ ചുറ്റിനടന്നു

ഇരുട്ടാവും വരെ
തണുപ്പുള്ളിടത്ത്
ചുരുണ്ടുകിടന്നു

## എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---